# മുഖവുര

Sree Narayana Employees Forum

ഗുരുദേവ കവിതകൾക്ക് പദാനുപദ അർത്ഥം നല്കി പ്രകാശനം ചെയ്യുന്ന ഗ്രന്ഥമാണ് ശ്രീനാരായണഗുരുവിന്റെ സമ്പൂർണ്ണ കൃതികൾ. ഈ ഗ്രന്ഥം തയ്യാറാക്കുന്നതിൽ പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ, മുനി നാരായണ പ്രസാദ് ഉൾപ്പെടെ പ്രഗല്ഭരായ പലരുടേയും വ്യാഖ്യാനങ്ങൾ എനിക്കു സഹായകമായി വർത്തിച്ചിട്ടുണ്ട്. ഇവരോടെല്ലാം എനിക്കുള്ള നിസ്സീമമായ കടപ്പാട് വാക്കുകൾക്കതീതവുമാണ്.

മഹാകവി കുമാരനാശാൻ, ഗുരുദേവൻ ജീവിച്ചിരുന്നപ്പോൾ എഴുതിയ ജീവചരിത്രം ഈ ഗ്രന്ഥത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്. കൊല്ലവർഷം 1090-ൽ വിവേകോദയം മാസികയിലാണ് ഇതു പ്രസിദ്ധീകരിച്ചത്. ഗുരുവിനെപ്പറ്റി പിന്നീടുണ്ടായ എല്ലാ ജീവചരിത്രങ്ങൾക്കും അടിസ്ഥാനമായത് ആശാന്റെ ഈ ലഘു ജീവചരിത്ര ഗ്രന്ഥമാണ്. പ്രസ്തുത ഭാഗം ഈ ഗ്രന്ഥത്തിൽ ചേർക്കാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് അത്യധികം ചാരിതാർത്ഥ്യമുണ്ട്. ഗുരുസ്വാമിയെ ആഴത്തിൽ മനസ്സിലാക്കാൻ ഇതുപകരിക്കും.

ജനുവരിയിലാണ് ഈ ഗ്രന്ഥത്തിന്റെ ഒന്നാം പതിപ്പ് പ്രകാശനം ചെയ്തത്. രണ്ടു മാസങ്ങൾക്കകം മുഴുവൻ കോപ്പികളും വിറ്റുതീർന്നു. നൂറുകണക്കിനാളുകളുടെ നിരന്തരമായ അഭ്യർത്ഥനയെ തുടർന്നാണ്, പരിഷ്കരിച്ച രണ്ടാം പതിപ്പ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്.

രണ്ടുകാര്യങ്ങളാണ് ഗ്രന്ഥരചനയിലും, പ്രസാധനത്തിലും ഊന്നൽ നല്കിയിരിക്കുന്നത്. ഒന്ന്, ഗുരുദേവ കൃതികൾ ലളിത വ്യാഖ്യാനത്തോടെ ആർക്കും മനസ്സിലാകത്തക്കവിധം കേരളത്തിലെ എല്ലാ ഭവനങ്ങളിലും എത്തിക്കുക.

രണ്ട്, ഏറ്റവും കുറഞ്ഞ വിലയ്ക്ക് കൂടുതൽ ആളുകൾക്ക് വാങ്ങി വായിക്കാൻ സൗകര്യം ഒരുക്കുക. ജനങ്ങൾ ഇതു മനസ്സിലാക്കി, അനുഭാവപൂർവ്വമായ ഒരു സമീപനം ഈ ഗ്രന്ഥത്തോട് അവലംബിച്ചു കാണുന്നതിൽ ഞങ്ങൾക്ക് അത്യധികം കൃതാർത്ഥതയുണ്ട്.

ഗുരുവചനങ്ങളും അദ്ദേഹത്തിന്റെ കാവ്യ സംസ്കൃതിയും രോമന്ഥഹർഷത്തോടെയല്ലാതെ ഒരു കേരളീയനും ഉൾക്കൊള്ളാനാവുകയില്ല. ആ ചേതോവികാരമാണ് ഇതിന്റെ സമ്പാദനത്തിനും വ്യാഖ്യാനത്തിനും നിദാനമായി വർത്തിച്ചത്. തിരക്കിനിടയിൽ യാദൃച്ഛികമായി എന്തെങ്കിലും സ്ഖലിതങ്ങൾ വന്നുപോയിട്ടുണ്ടെങ്കിൽ സദയം ക്ഷമിക്കണമെന്നപേക്ഷിക്കുന്നു. സ്ഹനേബുദ്ധ്യാ അവ ശ്രദ്ധയിൽപ്പെടുത്തണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുന്നു.

പുതിയ സഹസ്രാബ്ദത്തിലേക്ക് കാലൂന്നിയിരിക്കുന്ന നാം, ഇന്നലെകളിലേക്ക് മനസ്സു തിരിക്കുമ്പോഴാണ് ഗുരുദേവന്റെ പ്രസക്തിയും, ധന്യമായ ആ ജീവിതം പകർന്നു നല്കിയ തിരിവെട്ടവും തിരിച്ചറിയുക.

ഒരു യുഗത്തിന്റെ മുഖ്യ ചാലകശക്തിയായി വർത്തിച്ച ഗുരുദവന്റെ മുന്നിൽ സാഷ്ടാംഗ പ്രണാമങ്ങൾ അർപ്പിക്കുന്നു.

**വി. ബാലകൃഷ്ണൻ**

പാല
25.06.02

Sree Narayana Employees Forum

# ഉള്ളടക്കം


വിനായകാഷ്ടകം ..... 11
ശ്രീവാസുദേവാഷ്ടകം ..... 13
ഗുഹാഷ്ടകം ..... 15
ഷൺമുഖസ്തോത്രം ..... 17
ഷൺമുഖസ്തോത്രം ..... 17
ഷൺമുഖസ്തോത്രം ..... 19
ബാഹുലേയാഷ്ടകം ..... 21
ഷൺമുഖദശകം ..... 24
ഷാണ്മാതുരസ്തവം ..... 28
നവമഞ്ജരി ..... 31
ഭദ്രകാള്യഷ്ടകം ..... 34
ചിദംബരാഷ്ടകം ..... 38
ദേവീസ്തവം ..... 39
ബ്രഹ്മവിദ്യാപഞ്ചകം ..... 42
ചിജ്ജഡചിന്തനം ..... 44
ശിവശതകം ..... 46
അർദ്ധനാരീശ്വരസ്തവം ..... 65
ശിവസ്തവം - പ്രപഞ്ചസൃഷ്ടി ..... 67
ദർശനമാല ..... 69
അധ്യാരോപദർശനം ..... 69
അപവാദദർശനം ..... 71
അസത്യദർശനം ..... 73
മായാദർശനം ..... 75
ഭാനദർശനം ..... 77
കർമ്മദർശനം ..... 79
ജ്ഞാനദർശനം ..... 81
ഭക്തിദർശനം ..... 82
യോഗദർശനം ..... 84
നിർവ്വാണദർശനം ..... 86
തിരുക്കുറൾ ഭാഷ ..... 88
വാൻ ചിറപ്പു ..... 89
നീത്താർപെരുമൈ ..... 90
വേദാന്തസൂത്രം ..... 91
ഗദ്യപ്രാർത്ഥന ..... 95
ആത്മവിലാസം ..... 96
ദൈവചിന്തനം - 1 ..... 98
ദൈവചിന്തനം - 2 ..... 103
ചിജ്ജഡചിന്തനം (ഗദ്യം) ..... 104
ദൈവദശകം ..... 107
അനുകമ്പാദശകം ..... 109
ഫലശ്രുതി ..... 111


Sree Narayana Employees Forum

ജനനീവരത്ന മഞ്ജരി ........ 111
മുനിചര്യാപഞ്ചകം ........ 115
നിർവൃതി പഞ്ചകം ........ 116
സ്വാനുഭവഗീതി ........ 117
പിണ്ഡനന്ദി ........ 123
വിഷ്ണ്വഷ്ടകം ........ 125
കോലതീരേശ്സ്തവം ........ 127
ജാതിനിർണ്ണയം ........ 129
ജാതിലക്ഷണം ........ 130
അറിവ് ........ 131
ശിവപ്രസാദപഞ്ചകം ........ 135
വൈരാഗ്യ ദശകം ........ 136
ഇന്ദ്രിയ വൈരാഗ്യം ........ 138
ആശ്രമം ........ 140
ശ്ലോകത്രയി ........ 141
ദത്താപഹാരം ........ 141
ജീവകാരുണ്യപഞ്ചകം ........ 142
ഈശാവാസ്യോപനിഷത് ........ 143
അദ്വൈതദീപിക ........ 147
സദാചാരം ........ 151
ഭാര്യാധർമ്മം ........ 153
അനുഭൂതി ദശകം ........ 154
പ്രപഞ്ചശുദ്ധി ദശകം ........ 158
പരമശിവചിന്താദശകം ........ 162
മണ്ണന്തല ദേവീസ്തവം ........ 167
കാളിനാടകം ........ 170
ആത്മോപദേശശതകം ........ 175
സുബ്രഹ്മണ്യകീർത്തനം ........ 194
സദാശിവദർശനം ........ 200
കുണ്ഡലിനിപ്പാട്ട് ........ 203
ജനനീനവരത്നമഞ്ജരി ........ 205
ധർമ്മം ........ 209
ഒരു തമിഴ് ശ്ലോകം ........ 209
തേവാരപ്പതികങ്ങൾ ........ 209
ഒരു ദുർദ്ധാരണ ........ 253
സ്വാമി തിരുനാൾ ........ 253
സ്വാമിതൃപ്പാദങ്ങളുടെ തെക്കൻ സഞ്ചാരം ........ 255
സ്തുത്യർഹമായ മതപരിവർത്തനം ........ 256
തൃപ്പാദങ്ങളും പുലയരും ........ 256
സ്വാമി തൃപ്പാദങ്ങൾ ........ 257
ചക്രവർത്തിയുടെ ദുർദ്ധാരണ ........ 258
ഷഷ്ടിപൂർത്തി ........ 260
ശ്രീനാരായണ ഭക്തരോട് - എത്രദൂരം എത്തി ........ 261

Sree Narayana Employees Forum

# ഒന്നാം ഖണ്ഡം

## വിനായകാഷ്ടകം

നമദ്ദേവവൃന്ദം ലസദ്വേദകന്ദം
ശിരഃശ്രീമദിന്ദും ശ്രിതശ്രീമുകുന്ദം
ബൃഹച്ചാരുശുണ്ഡം സ്തുതശ്രീസനന്ദം
ജടാഹീന്ദ്രകന്ദം ഭജേഭീഷ്ടസന്ദം

Sree Narayana Employees Forum

വണങ്ങി നിൽക്കുന്ന ദേവസമൂഹത്തോടുകൂടിയവനും വേദങ്ങളിൽ പ്രകാശിക്കുന്നവനും ചന്ദ്രനെ തലയിൽ അണിഞ്ഞിരിക്കുന്നവനും ലക്ഷ്മീസമേതനായ വിഷ്ണുവിനാൽ ഭജിക്കപ്പെടുന്നവനും തടിച്ചു മനോഹരമായ തുമ്പിക്കയ്യുള്ളവനും മുനിമാരാൽ സ്തുതിക്കപ്പെടുന്നവനും ജടയിൽ വാസുകിയെ മുല്ലമാലയായി അണിഞ്ഞിരിക്കുന്നവനും ഭക്തന്മാരുടെ അഭീഷ്ടങ്ങൾ വേണ്ട പോലെ നൽകി അനുഗ്രഹിക്കുന്നവനുമായ വിനായകനെ ഞാൻ ഉപാസിക്കുന്നു.

കിലദ്ദേവഗോത്രം കനദ്ധേമഗാത്രം
സദാനന്ദമാത്രം മഹാഭക്തമിത്രം
ശരത്ചന്ദ്രവക്ത്രം ത്രയീപൂതപാത്രം
സമസ്താർത്തിദാത്രം ഭജേ ശക്തിപുത്രം

ലീലാമയമായ ജീവിതം നയിക്കുന്ന ദേവ വംശത്തിൽ ജനിച്ചവനും; സ്വർണ്ണംപോലെയുള്ള ശരീരത്തോടുകൂടിയവനും; എല്ലായ്പ്പോഴും ആനന്ദസ്വരൂപനായി കഴിയുന്നവനും; ഭക്തന്മാരുടെ സുഹൃത്തും; ശരത്കാല ചന്ദ്രമുഖത്തോടുകൂടിയവനും; വേദങ്ങൾക്ക് വാസസ്ഥാനമായിട്ടുള്ളവനും; ദുഃഖങ്ങൾക്ക് അരിവാളായി വർത്തിക്കുന്നവനും; പാർവ്വതിയുടെ മകനായിട്ടുള്ളവനുമായ വിനായകനെ; ഭജിക്കുന്നു.

ഗളദ്ദാനമാലം ചലദ്ഭോഗിമാലം
ഗളാമ്ഭോദകാലം സദാ ദാനശീലം
സുരാരാതികാലം മഹേശാത്മബാലം
ലസത്പുണ്ഡ്റഫാലം ഭജേ ലോകമൂലം.

ഒഴുകുന്ന മദജലധാരയോടുകൂടിയവനും, സർപ്പമാലയണിഞ്ഞിട്ടുള്ളവനും; ഗളാമ്ഭോദകാലം- കഴുത്തിൽ കറുത്ത നിറത്തോടുകൂടിയവനും; എപ്പോഴും ഭക്തന്റെ ഇഷ്ടങ്ങൾ നൽകുകശീലമുള്ളവനും; ദേവശത്രുക്കളായ അസുരന്മാർക്ക് കാലനായിട്ടുള്ളവനും; പരമശിവന്റെ പ്രിയപുത്രനും; ത്രിശാഖമായ ഭസ്മക്കുറിയുള്ള നെറ്റിയോടുകൂടിയവനും; ജഗത്തിനാദികാരണവുമായ വിനായകനെ; ഞാൻ ഭജിക്കുന്നു.

ഉരസ്താരഹാരം ശരത്ചന്ദ്രഹീരം
സുരശ്രീവിചാരം ഹൃതാർത്താരിഭാരം
കടേ ദാനപൂരം ജടാഭോഗിപൂരം
കലാബിന്ദുതാരം ഭജേ ശൈവവീരം

മാർവിടത്തിൽ മുത്തുമാല അണിഞ്ഞിട്ടുള്ളവനും; ചന്ദ്രക്കലയെ ശിരോഭൂഷണമാക്കിയിട്ടുള്ളവനും; ദേവന്മാരുടെ ഐശ്വര്യത്തിൽ സദാ തത്പരനും; ആർത്തന്മാരുടെ ശത്രുഭാരം

📖 പാമ്പുകളെ ചുറ്റിപ്പിണച്ച് അലങ്കാരമായി അണിഞ്ഞിട്ടുള്ളവനും ഭസ്മം പൂശിയിട്ടുള്ളവനും പ്രപഞ്ചമാകുന്ന കുറിക്കൂട്ടണിഞ്ഞവനും സൂര്യചന്ദ്രാദി തേജോഗോളങ്ങൾക്ക് സ്വന്തം ദേഹം പകുത്തുകൊടുത്തവനും ഇരിപ്പിടത്തിനൊരിക്കലും നാശമില്ലാത്തവനും എല്ലാത്തിനും ഇരിപ്പിടമായിട്ടുള്ളവനും ഭക്തന്മാരെ രക്ഷിക്കുവാൻ വേണ്ട കരുത്തുള്ളവനും എടുത്തുചാട്ടമില്ലാത്തവനും ഭജിക്കുന്നവരിൽ സ്നേഹമുള്ളവനും ബ്രഹ്മതേജസ്സോടുകൂടിയവനും സംസാരികൾക്കഭയസ്ഥാനവും ദേവന്മാരുടെ പ്രഭുവും എങ്ങും നിറഞ്ഞു നിൽക്കുന്നവനുമായ സുബ്രഹ്മണ്യനെ നമസ്ക്കരിച്ചുപാസിക്കുവിൻ.

ശ്രീമത്സുന്ദരകായം ശിഷ്ടജനാസേവ്യം സുജടാസേവ്യം
സേവാതുഷ്ടസമർപ്പിതസൂത്രമഹാസത്രം നിജഷഡ്വക്ത്രം
പ്രത്യർത്ഥ്യാനതപാദസരോരുഹമാവാഹം ഭവഭീദാഹം
നാനായോനിമയോനിം പ്രണമത ദേവേശം ഗുഹമാവേശം

📖 സുന്ദര ശരീരത്തോടുകൂടിയവനും സജ്ജനങ്ങളാൽ പൂജിക്കപ്പെടുന്നവനും മനോഹരമായ ജട കൊണ്ട് അലംകൃതനും സേവ കൊണ്ടു തന്നിലുള്ള ഹിരണ്യ ഗർഭതേജസ്സിന്റെ ഒരു ഭാഗം അഗ്നിക്കു സമർപ്പിച്ചവനും ഒരു മുഖത്തെ ആറാക്കി തീർത്തവനും ശത്രുക്കളാൽ പോലും നമിക്കപ്പെടുന്ന പാദപത്മത്തോടുകൂടിയവനും സംസാരഭയത്തെ പാടെ ഇല്ലാതാക്കുന്നവനും വിവിധ പ്രപഞ്ച ദൃശ്യങ്ങൾക്കുൽപ്പത്തി സ്ഥാനവും മറ്റൊന്നിൽനിന്നു ജനിക്കാത്തവനും ദേവന്മാരുടെ പ്രഭുവും എങ്ങും നിറഞ്ഞുനിൽക്കുന്നവനുമായ സുബ്രഹ്മണ്യനെ നമസ്ക്കരിച്ചുപാസിക്കുവിൻ.

മാന്യം മുനിഭിരമാന്യം മഞ്ജുജടാസർപ്പം ജിതകന്ദർപ്പം
ആകല്പാമൃതതരളതരങ്ഗമനാസങ്ഗം സകലാസങ്ഗം
ഭാസാഹൃധരിതഭാസ്വന്തം ഭവികസ്വാന്തം ജിതഭീസ്വാന്തം
കാമം കാമനികാമം പ്രണമത ദേവേശം ഗുഹമാവേശം

📖 എല്ലാവരാലും മാനിക്കപ്പെടുന്നവനും മുനികൾക്കു പോലും അളക്കാൻ കഴിയാത്ത രൂപത്തോടുകൂടിയവനും മനോഹരമായ ജടയിൽ സർപ്പത്തെ അലങ്കാരമായി അണിഞ്ഞിട്ടുള്ളവനും കാമത്തെ ജയിച്ചവനും ചുറ്റിലും പ്രളയജലംപോലെ ആനന്ദാമൃതം ഇളകി അലയടിച്ചുകൊണ്ടിരിക്കുന്നവനും വിഷയങ്ങളോടു സംഗമില്ലാത്തവനും എന്നാൽ എല്ലാമായും ബന്ധപ്പെട്ടവനും കാന്തികൊണ്ടുതന്നെ സൂര്യനെ തരംതാഴ്ത്തുന്നവനും സജ്ജനങ്ങളുടെ ഉള്ളിലിരിക്കുന്നവനും നിർഭയഹൃദയനും ഭക്തന്മാരുടെ എല്ലാവിധ കാമങ്ങൾക്കും ഇരിപ്പിടവും ദേവന്മാരുടെ പ്രഭുവും എങ്ങും നിറഞ്ഞുനിൽക്കുന്നവനുമായ സുബ്രഹ്മണ്യനെ നമസ്കരിച്ചുപാസിക്കുവിൻ.

ശിഷ്ടം ശിവജനതുഷ്ടം ബുധഹൃദയാകൃഷ്ടം ഹൃതപാപിഷ്ഠം
നാദാന്തദ്യുതിമേകമനേകമനാസങ്ഗം സകലാസങ്ഗം
ദാനവിനിർജ്ജിതനിർജ്ജരദാരുമഹാഭീരും തിമിരാഭീരും
കാലാകാലമകാലം പ്രണമത ദേവേശം ഗുഹമാവേശം

📖 പ്രപഞ്ചം മാഞ്ഞുമറഞ്ഞാലും അവശേഷിക്കുന്നവനും ഭക്തന്മാരാൽ സന്തോഷിക്കുന്നവനും സത്യാന്വേഷികളുടെ ഹൃദയത്തിൽ ആകർഷിക്കപ്പെടുന്നവനും അസുരന്മാരെ നശിപ്പിക്കുന്നവനും അനാഹത ധ്വനികളിൽ പ്രതിബിംബിക്കുന്ന കാന്തിയോടുകൂടിയവനും രണ്ടില്ലാത്തവനും പലതായി കാണപ്പെടുന്നവനും ഒന്നിനോടും സംഗമില്ലാത്തവനും എന്നാൽ എല്ലാറ്റിനോടും ബന്ധപ്പെട്ടവനും ദാനംകൊണ്ട് തോല്പിച്ചു കല്പവൃക്ഷത്തെ മഹാഭീരുവാക്കി തീർത്തവനും ചുറ്റുപാടുകളിൽനിന്നും ഇരുട്ടിനെ ഭീരുവാക്കി ഓടിക്കുന്നവനും സമയാസമയങ്ങളെ തിരിച്ചറിയുന്നവനും കാലത്തെ കടന്നു നിൽക്കുന്നവനും ദേവന്മാരുടെ പ്രഭുവും എങ്ങും നിറഞ്ഞു നിൽക്കുന്നവനുമായ സുബ്രഹ്മണ്യനെ നമസ്കരിച്ചുപാസിക്കുവിൻ.

Sree Narayana Employees Forum

ഈശ, നിൻപവിഴംതൊഴുംരദനച്ഛദങ്ങളുമുല്ല സത്-
കേശപേശലദന്തതാടികളും കറുത്ത ഗളങ്ങളും
ഭാസുരാകൃതികൈകളിൽ തിരുവായുധങ്ങളൊടും മമ
ക്ലേശനാശനസിദ്ധയേ വരികാശു ഷൺമുഖ പാഹിമാം

അല്ലയോ ഭഗവൻ, പവിഴത്തെക്കാൾ മനോഹരങ്ങളായ അങ്ങയുടെ ചുണ്ടുകളും ശോഭയുള്ള രോമങ്ങൾക്കിടയിൽകൂടി പ്രകാശിക്കുന്ന പല്ലുകളും താടികളും നീലനിറമുള്ള കഴുത്തുകളും മനോഹരങ്ങളായ കൈകളിൽ ദിവ്യങ്ങളായ ആയുധങ്ങളും സംസാരക്ലേശങ്ങൾ ഒഴിവായിക്കിട്ടാൻ ഉടൻ തന്നെ കാണുമാറാകണം. അല്ലയോ അറുമുഖനേ എന്നെ രക്ഷിച്ചാലും.

ഉള്ളിലുള്ളൊരു ദോഷഭാരമൊഴിപ്പതിന്നതിസൗരഭം
വെള്ളിമുത്തുപവിഴങ്ങൊടൊത്തു കൊരുത്തുചാർത്തിയ മാർവിടം
വള്ളിതൻ മണവാള, നിന്നുദരാഭയും തിരുനാഭിയും
ഉള്ളിലാകണമെപ്പൊഴും പരിശുദ്ധയേ ഗുഹ, പാഹിമാം.

വള്ളിയുടെ പ്രിയതമനായ അല്ലയോ ഭഗവൻ, അതിയായ സൗഗന്ധ്യത്തോടെ വെള്ളി, മുത്ത്, പവിഴം എന്നിവ ഇടയ്ക്കിടെ കോർത്തുണ്ടാക്കിയ മാല ചാർത്തിയിരിക്കുന്ന ദിവ്യമായ മാർവ്വിടവും അങ്ങയുടെ വയറിന്റെ ശോഭയും ദിവ്യമായ പൊക്കിളും ഉള്ളിലുള്ള പാപചിന്ത മുഴുവൻ ഇല്ലാതായി ചിത്തം പൂർണ്ണ പരിശുദ്ധി പ്രാപിക്കാനായി സദാ ഉള്ളിൽ പ്രത്യക്ഷ രൂപത്തിൽ കാണുമാറാകണം. അല്ലയോ സുബ്രഹ്മണ്യ ഭഗവാനേ, എന്നെ രക്ഷിച്ചാലും.

ഊഢകാന്തികലർന്നിടും ത്രിവലിക്കടിക്കു കടിസ്ഥലാ-
രൂഢകാഞ്ചനകാഞ്ചിസഞ്ചിതചേലയും കടിസൂത്രവും
രൂഢമായ് വിലസുന്ന തൃത്തുട മുട്ടടുത്ത കണങ്കഴൽ-
പ്രൗഢിയും മമ കാണണം പരിചോടു ഷൺമുഖ, പാഹിമാം

വർദ്ധിച്ച ശോഭയോടുകൂടിയ വയറ്റിലെ മൂന്നു ചുളുക്കുകൾക്കും താഴെയായി അരക്കെട്ടിൽ അണിഞ്ഞിരിക്കുന്ന പൊന്നരഞ്ഞാണു കൊണ്ടു മുറുക്കിയ പട്ടുടയാടയും അരക്കെട്ടിൽ ധരിച്ചിരിക്കുന്ന ചരടും ബലമായി തടിച്ചു വിളങ്ങുന്ന ദിവ്യമായ തുടയും മുട്ടും തുടർന്നുള്ള കണങ്കാലിന്റെ ഗാംഭീര്യവും ഭംഗിയായി ഈ ഭക്തനു കാണുമാറാകണം. അല്ലയോ അറുമുഖനേ, എന്നെ രക്ഷിച്ചാലും.

ഋക്ഷവത്ക്കുതികൊള്ളുമെന്മനമിക്കണക്കു വരാതിനി
രക്ഷചെയ്വതിനൊച്ചയുള്ള ചിലമ്പിടും നരിയാണിയും
പക്ഷിവാഹനഭാഗിനേയ, മയൂരപൃഷ്ഠമമർന്നുവ-
ന്നക്ഷിഗോചരമായ് വിളങ്ങണമെപ്പോഴും ഗുഹ, പാഹിമാം

ഗരുഡവാഹനനായ വിഷ്ണുവിന്റെ സഹോദരീപുത്രനായ അല്ലയോ ഭഗവൻ, ഒരു കുരങ്ങിനെപ്പോലെ സദാ ഇളകിച്ചലിച്ചുകൊണ്ടിരിക്കുന്ന എന്റെ മനസ്സ് ഇനിയും തുടർന്ന് ഇങ്ങനെ തന്നെയിരിക്കാൻ ഇടയാകാത്തവണ്ണം കാത്തു സൂക്ഷിക്കുന്നതിന് കിലുങ്ങുന്ന ചിലമ്പുധരിച്ച കാലിന്റെ വണ്ണം മയിൽവാഹനമേറിവന്ന് എന്റെ കണ്ണുകൾക്കു സദാ ആനന്ദപ്രദമാംവണ്ണം കാണുമാറാകണം. അല്ലയോ സുബ്രഹ്മണ്യ ഭഗവാനേ, എന്നെ രക്ഷിച്ചാലും.

രീണബന്ധമെനിക്കിനിക്കനവിങ്കലും കരുതേണ്ട മത്-
പ്രാണനാഥ ഭവത്പദപ്രപദത്തിലെത്തുകിലാമയും
ക്ഷീണമായ്മരുവും സരോരുഹശോഭതേടിനപാദവും
കാണണം പദവിക്രമങ്ങൾ നഖങ്ങളും ഗുഹ, പാഹിമാം

എന്റെ പ്രാണനിരിപ്പിടമായ അല്ലയോ ഭഗവൻ, അങ്ങയുടെ പാദങ്ങളെ ശരണം പ്രാപിച്ച ഈ ഭക്തന് ഇനിമേൽ സ്വപ്നത്തിൽപോലും ഈ ലോകത്തോടൊരു കടപ്പാടും ചിന്തിക്കുവാനില്ല. അങ്ങയുടെ കാലിന്റെ പുറവടി കാണാനിടയായാൽ ആമ പോലും കുമ്പിട്ടു കൂപ്പി

Sree Narayana Employees Forum

വലുതാം വാനിൽ വാഴ്‌വോർക്കു, തലയാമിന്ദ്രനൂഴിയിൽ
ജിതേന്ദ്രിയന്റെ ശക്തിക്കു മതിയാമൊരു സാക്ഷിയാം.

സുഖസാമഗ്രികൾകൊണ്ടു നിറഞ്ഞ സ്വർഗ്ഗത്തിൽ സുഖിച്ചുകഴിയുന്ന ദേവന്മാർക്കു നാഥനായ ഇന്ദ്രൻ ഭൂമിയിൽ ഇന്ദ്രിയജയം നേടിയ സന്ന്യാസിമാരുടെ പ്രഭാവത്തിനു വേണ്ടിടത്തോളം അനുഭവിച്ചറിഞ്ഞ ഒരു സാക്ഷിയാണ്.

അറിവാമങ്കുശത്താലഞ്ചറിവാം വാരണങ്ങളെ
തളച്ചവൻ മോക്ഷഭൂവിൽ മുളയ്ക്കുമൊരു ബീജമാം

വസ്തു ഒന്നേയുള്ളൂ എന്ന അദ്വൈത ജ്ഞാനമാകുന്ന തോട്ടികൊണ്ട് ജ്ഞാനേന്ദ്രിയങ്ങളാകുന്ന അഞ്ചു മദയാനകളെയും പാട്ടിലാക്കിയവൻ മോക്ഷമാകുന്ന വിളഭൂമിയിൽ കിളിർത്തു കഴിഞ്ഞ വിത്തായി ഭവിക്കുന്നു.

കഴിയാത്തതു ചെയ്തീടും മഹാന്മാരല്പരായവർ
ചെയ്കില്ലൊരുകാലത്തും ചെയ്തീടാൻ കഴിയാത്തത്.

സ്വധർമ്മത്തിനു വിരുദ്ധമായതു ചെയ്തു മഹത്ത്വം നേടാൻ കൊതിക്കുന്നവർ പരമസത്യം കാണാത്ത അല്പബുദ്ധികളാണ്. യഥാർത്ഥ മഹാന്മാർ ഒരിക്കലും ചെയ്യാൻ പാടില്ലാത്തത് അനുഷ്ഠിക്കുകയില്ല.

ശബ്ദം സ്പർശം രൂപംരസം ഘ്രാണമഞ്ചിൻവിഭാഗവും
അറിയുന്നവനിൽത്തന്നെ പെരുതാം ലോകമൊക്കെയും.

ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം ഈ അഞ്ചു വിഷയങ്ങളെയും വേർതിരിച്ച് അറിയുന്ന ബോധസ്വരൂപമായ വസ്തുവിൽതന്നെ അനന്തമായ പ്രപഞ്ചം അടങ്ങുന്നു എന്നു സന്ന്യാസി അറിയുന്നു.

പരിപൂർണ്ണവയസ്സുള്ള നരനിൽ ഗരിമാവിനെ
അവരന്നരുളിച്ചെയ്ത മറയിങ്ങറിയിച്ചിടും

സത്യസ്വരൂപം പ്രാപിച്ചു പൂർണ്ണതയിലെത്തിയ മനുഷ്യനിൽ തെളിയുന്ന മഹത്ത്വം പ്രാപിച്ച ഋഷിമാർ രചിച്ച വേദം വ്യക്തമായി പറഞ്ഞുതരുന്നതാണ്.

ഗുണമാം കുന്നേറിയങ്ങു നിൽക്കുന്ന മുനിമാരുടെ
കോപം ക്ഷണികമെന്നാലും ഭൂവിൽ ദുർവാരമാമത്

സകല മംഗളങ്ങളുടെയും കൊടുമുടിയിലെത്തി അവിടെത്തന്നെ ഉറച്ചുനിൽക്കുന്ന സത്യദർശികളായ സന്ന്യാസിമാരുടെ അധർമ്മവിദ്വേഷം നിമിഷത്തിനുള്ളിൽ ശമിക്കുന്നതാണെങ്കിലും ഇവിടെ കടുത്ത ഫലം ഉളവാക്കുന്നതായിരിക്കും.

സർവ്വപ്രാണിയിലും തുല്യകൃപപൂണ്ടു നടക്കയാൽ
അന്തണന്മാരെന്നു ചൊല്ലേണ്ടതു സന്ന്യാസിമാരെയാം

എല്ലാ ജീവികളിലും ഒരേ ഈശ്വരാംശം ദർശിച്ചു കാരുണ്യനിധിയായി വർത്തിക്കുന്ന സന്ന്യാസിമാരെയാണു ബ്രാഹ്മണർ എന്ന് വിളിക്കേണ്ടത്.

## വേദാന്തസൂത്രം

സംസ്കൃതഭാഷയിലെ സൂത്രസാഹിത്യത്തെ അനുകരിച്ചു രചിച്ചിട്ടുള്ള കൃതിയാണു 'വേദാന്തസൂത്രം.' എന്താണു സൂത്രം?

അഥ യദാത്മനോ ജിജ്ഞാസുഃ

അഥ, യത്, ആത്മനഃ ജിജ്ഞാസുഃ എന്ന് പദച്ഛേദം. അനന്തരം ഏത് കാരണത്താലാണ് ആത്മജിജ്ഞാസുവായിത്തീരേണ്ടത്.

Sree Narayana Employees Forum

ആഴമേറും നിൻമഹസ്സാ-
മാഴിയിൽ ഞങ്ങളാകവേ
ആഴണം വാഴണം നിത്യം
വാഴണം വാഴണം സുഖം

വളരെ ആഴമുള്ള അങ്ങയുടെ ജ്യോതിസാകുന്ന കടലിൽ ഞങ്ങൾ സമ്പൂർണ്ണമായി മുങ്ങണം. മുങ്ങിയാൽ മാത്രം പോര, എന്നും അവിടെത്തന്നെ വാഴണം. ആനന്ദം മാത്രം ശാശ്വതമായി അവശേഷിക്കണം.

Sree Narayana Employees Forum

## അനുകമ്പാദശകം

ഒരു പീഡയെറുമ്പിനും വരു-
ത്തരുതെന്നുള്ളനുകമ്പയും സദാ
കരുണാകര, നല്കുകുള്ളിൽ നിൻ-
തിരുമെയ് വിട്ടകലാത ചിന്തയും.

കരുണയെ ചെയ്യുന്നവനായ ഭഗവാനേ, വെറും നിസ്സാരജീവിയായ ചെറിയൊരു എറുമ്പിനെപ്പോലും നോവിക്കാൻ തോന്നാത്ത തരത്തിലുള്ള അനുകമ്പ ബാഹ്യജീവിതത്തിലും, നിന്റെ പരിപാവനമായ രൂപത്തിൽനിന്നും ഒരിക്കലും വിട്ടകലാത്ത ചിന്ത ഉള്ളിലും എല്ലായ്പോഴും തന്ന് അനുഗ്രഹിക്കേണമേ.

അരുളാൽ വരുമിമ്പമൻപക-
ന്നൊരു നെഞ്ചാൽ വരുമല്ലലൊക്കെയും
ഇരുളൻപിനെ മാറ്റുമല്ലലിൻ-
കരുവാകും, കരുവാമിതേതിനും.

സഹജീവികളോടുള്ള അനുകമ്പയായി പ്രകടമാകുന്ന പ്രേമംകൊണ്ട് ജീവിതം അനുഗൃഹീതമായിത്തീരും. ഇത്തരത്തിലുള്ള പ്രേമം ഉള്ളിലില്ലാത്ത ഹൃദയമുള്ളപ്പോൾ എല്ലാത്തരത്തിലുള്ള ദുഃഖങ്ങളും ഉണ്ടാകും. ഈ അറിവിനെ ഹൃദയത്തിൽ ഇല്ലാതാക്കുന്നത് അജ്ഞതയാണ്. ജീവിതത്തിലെ ദുഃഖങ്ങൾക്കെല്ലാം കാരണമായിരിക്കുന്നതും ഈ അജ്ഞത തന്നെയാണ്. എന്തിനും ഇതു കാരണമായിത്തീരണേ.

അരുളൻപനുകമ്പ മൂന്നിനും
പൊരുളൊന്നാണിതു ജീവതാരകം;
"അരുളുള്ളവനാണു ജീവി"യെ-
ന്നുരുവിട്ടീടുകയീ നവാക്ഷരി.

അരുളെന്നും, അൻപെന്നും, അനുകമ്പയെന്നും സന്ദർഭമനുസരിച്ചു നാം വ്യവഹരിച്ചു പോരുന്ന മൂന്ന് അനുഭവങ്ങളുടേയും അന്തസ്സാരമായിരിക്കുന്ന മൂല്യം ഒന്നു തന്നെയാണ്. ഇതു ജീവിതനൗകയെ അതിന്റെ ലക്ഷ്യത്തിൽ കൊണ്ടെത്തിക്കുന്ന ധ്രുവനക്ഷത്രമാണ്. സഹജീവികളോട് അരുളും അൻപും അനുകമ്പയും ഉള്ളവനുമാത്രമേ യഥാർത്ഥത്തിൽ 'ജീവിക്കുന്നവൻ' എന്ന് അവകാശപ്പെടാൻ സാധിക്കുകയുള്ളൂ. (ഈ നവാക്ഷരീമന്ത്രം അ-രു-ളു-ള്ള-വ-നാ-ണു-ജീ-വി) എല്ലാവരും സദാസമയവും ഉരുവിടുകയും, അതിന്റെ അർത്ഥം മനനം ചെയ്യുകയും, അതിനെ ജീവിതയാഥാർത്ഥ്യമാക്കിത്തീർക്കുകയും ചെയ്യേണ്ടതാണ്.

അരുളില്ലയതെങ്കിലസ്ഥിതോൽ
സിര നാറുന്നൊരുടമ്പുതാനവൻ;

മരുവിൽ പ്രവഹിക്കുമമ്ബുവ-
പ്പുരുഷൻ നിഷ്ഫലഗന്ധപുഷ്പമാം.

അരുൾ എന്നതു ജീവിതത്തിൽ ഇല്ല എങ്കിൽ അങ്ങനെയുള്ള മനുഷ്യൻ അസ്ഥിയും തൊലിയും സിരകളും ഒക്കെചേർന്നുള്ള നാറുന്ന ഒരു ശരീരം മാത്രമാണ്. ആ മനുഷ്യൻ മരുപ്രദേശത്ത് ഒഴുകുന്ന വെള്ളംപോലെ പ്രയോജന ശൂന്യനാണ്. അഥവാ മരുവിൽ കാണുന്ന ജലഭ്രാന്തിപോലെ അവനിലേ മനുഷ്യത്വം വെറും മിഥ്യ മാത്രമാണ്. ഒരു കനിയും കായ്ക്കാത്തതും മണമില്ലാത്തതുമായ പൂപോലെ മൂല്യമില്ലാത്തതാണ് ആ ജീവിതം.

വരുമാറു വിധം വികാരവും
വരുമാറില്ലറിവിന്നിതിന്നുനേർ,
ഉരുവാമുടൽ വിട്ടു കീർത്തിയാ-
മുരുവാർന്നിങ്ങനുകമ്പ നിന്നിടും.

അസ്തി, ജന്മം, വൃദ്ധി, പരിണാമം, അപക്ഷയം, വിനാശം എന്നീ വികാരങ്ങൾ ജീവിതത്തിൽ ശാരീരികമായി സംഭവിക്കുന്നുണ്ട്. എന്നാൽ ഇതേ മാതിരിയുള്ള വികാരങ്ങൾ അറിവിന്റെ ശുദ്ധഭാവത്തിനു സംഭവിക്കുകയേയില്ല. അതുപോലെ, മാറ്റങ്ങൾക്കു വിധേയമായ ഭൗതിക ശരീരത്തിന്റെ തലം വിട്ടാലും അറിവിന്റെ തലത്തിലുള്ള കീർത്തിയുടെ രൂപത്തിൽ അനുകമ്പ എന്ന മൂല്യം ഇവിടെ നാശമില്ലാത്തതായി അവശേഷിക്കും.

പരമാർത്ഥമുരച്ചു തേർവിടും
പൊരുളോ? ഭൂതദയാക്ഷമാബ്ധിയോ?
സരളാദ്വയഭാഷ്യകാരനാം-
ഗുരുവോയീയനുകമ്പയാണ്ടവൻ.

പരമമായ സത്യം ഉപദേശിച്ചുകൊണ്ടു തേരു തെളിക്കുന്ന ശ്രീകൃഷ്ണപരമാത്മാവാണോ, ഭൂതദയയുടേയും ക്ഷമയുടേയും കടൽ തന്നെയായിരിക്കുന്നവനോ, അഥവാ ഭൂതദയകൊണ്ട്, കടലുപോലെ അക്ഷമനായിരിക്കുന്നവനോ (ബുദ്ധഭഗവാനോ) അദ്വൈത തത്ത്വത്തെ സരളമായ ഭാഷ്യങ്ങളിലൂടെ വെളിവാക്കിയ ഗുരുവോ (ശങ്കരാചാര്യനോ) ആരുതന്നെയല്ല, അനുകമ്പയെ ജീവിതവ്രതമാക്കിയിട്ടുള്ള ഈ മനുഷ്യൻ?

പുരുഷാകൃതി പൂണ്ട ദൈവമോ?
നരദിവ്യാകൃതി പൂണ്ട ധർമ്മമോ?
പരമേശ പവിത്ര പുത്രനോ?
കരുണാവാൻ നബിമുത്തുരത്നമോ?

ദൈവം പുരുഷരൂപം സ്വീകരിച്ചു ഇറങ്ങിവന്നതാണോ, ഐഹികജീവിതത്തിലെ ധർമ്മം ദൈവികമായ പുരുഷരൂപം പൂണ്ട് ഉയർന്നതാണോ, പരിപാവനമായ ദൈവപുത്രൻ തന്നെയാണോ, ഒരേസമയം മുത്തും രത്നവുമായി പരിശോധിക്കുന്ന കരുണാവാനായ തിരുനബിയാണോ അനുകമ്പ ജീവിത വ്രതമായി സ്വീകരിച്ച ഈ മനുഷ്യൻ.

ജ്വരമാറ്റി വിഭൂതികൊണ്ടു മു-
ന്നരിതാം വേലകൾ ചെയ്ത മൂർത്തിയോ?
അരുതാതെ വലഞ്ഞു പാടിയൗ-
ദരമാം നോവു കെടുത്ത സിദ്ധനോ?

പണ്ട് വെറും ഭസ്മംകൊണ്ട് അസാദ്ധ്യമായ അദ്ഭുതപ്രവൃത്തികൾ കാണിച്ച മൂർത്തിയാണോ, പാട്ടുകൾ പാടിക്കൊണ്ടു ക്ലേശങ്ങൾ സഹിച്ചു ദേശസഞ്ചാരം ചെയ്ത് വയറുനോവു മാറ്റി അദ്ഭുതം കാണിച്ച മഹാ സിദ്ധനാണോ ഈ അനുകമ്പയാണ്ടവൻ?

Sree Narayana Employees Forum

ഹരനന്നെഴുതി പ്രസിദ്ധമാം
മറയൊന്നോതിയ മാമുനീന്ദ്രനൊ
മരിയാതുടലോടു പോയൊരാ-
പ്പരമേശന്റെ പരാർത്ഥ്യഭക്തനോ?

പരമശിവൻ തന്നെ തന്റെ കൈയൊപ്പിട്ടു കൊടുത്തു പ്രസിദ്ധമാക്കിത്തീർത്ത വേദം (തിരുവാചകം) വീണ്ടും രചിച്ച മാമുനീന്ദ്രനാണോ, പരമേശഭക്തിയുടെ ആധിക്യത്തിൽ ശിവവിഗ്രഹത്തിൽത്തന്നെ ശരീരത്തോടുകൂടി അലിഞ്ഞുചേർന്നുപോയ ഭക്തിയുടെ ശ്രേഷ്ഠഭാവം മൂർത്തീഭവിച്ച സിദ്ധനാണോ ഈ അനുകമ്പയാണ്ടവൻ?

നരരൂപമെടുത്തു ഭൂമിയിൽ
പെരുമാറീടിന കാമധേനുവോ
പരമാദ്ഭുത ദാനദേവതാ-
തരുവോയീയനുകമ്പയാണ്ടവൻ?

മനുഷ്യരൂപം സ്വീകരിച്ച് ഈ ഭൂമിയിൽ ജീവിക്കുകയും വ്യാപരിക്കുകയും ചെയ്യുന്ന കാമധേനുവാണോ, അത്യദ്ഭുതകരമാംവണ്ണം ദാനം ചെയ്യുന്ന, ദേവലോകത്തിലെ കല്പവൃക്ഷമാണോ, അനുകമ്പയുള്ള ഈ മനുഷ്യൻ.

## ഫലശ്രുതി

അരുമാമറയോതുമർത്ഥവും
ഗുരുവോതും മുനിയോതുമർത്ഥവും
ഒരു ജാതിയിലുള്ളതൊന്നു താൻ
പൊരുളോർത്താലഖിലാഗമത്തിനും.

അനർഘങ്ങളും മാഹാത്മ്യമേറിയതുമായ വേദത്തിൽ പറഞ്ഞിട്ടുള്ളതിന്റെ സാരവും ഗുരുവും മുനിയും ഉപദേശിച്ചുകൊടുക്കുന്ന ജ്ഞാനരഹസ്യത്തിന്റെ സാരവും ഒരേ തരത്തിലുള്ളതു തന്നെയാണ്. എല്ലാ ആഗമങ്ങളുടേയും സാരമായിരിക്കുന്നത് ഒന്നുതന്നെയാണെന്ന് ചിന്തിച്ചു നോക്കിയാൽ മനസ്സിലാകും.

## ജനനീവരത്ന മഞ്ജരി

ഒന്നായമാമതിയിൽ നിന്നായിരം ത്രിപുടി
വന്നാശു തന്മതി മറ-
ന്നന്നാദിയിൽ പ്രിയമുയർന്നാടലാംകടലി-
ലൊന്നായി വീണു വലയും
എന്നാശയം ഗതിപെറും നാദഭൂമിയില-
മർന്നാവിരാഭ പടരും
ചിന്നാഭിയിൽ ത്രിപുടിയെന്നാണറും പടി
കലർന്നാറിടുന്നു ജനനീ!

അല്ലയോ ജനനീ! അഖണ്ഡബ്രഹ്മമാകുന്നു ഞാൻ എന്നുള്ള ബോധത്തിൽനിന്നു നീങ്ങി അവിദ്യാവശനായി അറിയുന്നവനും അറിവും വിഷയങ്ങളും ആകുന്ന അനേകം ത്രിപുടികളുണ്ടായി അത് ഹേതുവായി തന്മതിന്മ മറന്ന് അന്നം മുതലായ ആഹാര വിഷയങ്ങളിലും കൂടാതെ ശബ്ദസ്പർശ രൂപ രസഗന്ധങ്ങളായ മറ്റു വിഷയങ്ങളിലും താല്പര്യം വർദ്ധിച്ചു. അതു

Sree Narayana Employees Forum

